**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1516** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ കൊക്കയാറിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. എം. എം. മണി</th><th colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>(എ)</td><td>ഇടുക്കി ജില്ലയിലെ കൊക്കയാറിൽ 16.10.2021 നുണ്ടായ ഉരുൾപൊട്ടലിലും മലവെള്ളപ്പാച്ചിലിലും പഞ്ചായത്തിലുണ്ടായ നാശനഷ്ടങ്ങൾ എന്തൊക്കെയാണ്; ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം, പരിക്കേറ്റവരുടെ എണ്ണം, പൂർണ്ണമായി തകർന്ന വീടുകൾ, ഭാഗികമായി തകർന്നതും വാസയോഗ്യമല്ലാതായതുമായ വീടുകൾ, കൃഷി നാശം, ഇവ സംബന്ധിച്ച വിശദാംശം പട്ടിക തിരിച്ച് നൽകാമോ;</td><td>(എ)</td><td>ഇടുക്കി ജില്ലയിലെ കൊക്കയാറിൽ 2021 ഒക്ടോബർ മാസം ഉരുൾപൊട്ടലിലും മലവെള്ളപ്പാച്ചിലിലും ഉണ്ടായ നാശനഷ്ടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><td>ജീവൻ നഷ്ടപ്പെട്ടവരുടെ എണ്ണം</td><td>8</td></tr>
<tr><td>പരിക്കേറ്റവരുടെ എണ്ണം</td><td>11</td></tr>
<tr><td>പൂർണ്ണമായും തകർന്ന വീടുകൾ</td><td>84</td></tr>
<tr><td>ഭാഗികമായി തകർന്ന വീടുകൾ</td><td>578</td></tr>
<tr><td>വാസയോഗ്യമല്ലാതായ വീടുകൾ</td><td>18</td></tr>
<tr><td>കൃഷിനാശം</td><td>7 കോടി 35 ലക്ഷം രൂപ</td></tr>
</table></td></tr>
<tr><td>(ബി)</td><td>അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ധനസഹായം നൽകി പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകാമോ;</td><td>(ബി)</td><td>കൊക്കയാർ വില്ലേജ് പരിധിയിൽ 8 പേർ മരണമടയുകയും 8 പേരുടെയും ആശ്രിതർക്ക് എസ്.ഡി.ആർ.എഫ് വിഹിതമായ 4 ലക്ഷം രൂപ വിതവും സി.എം.ഡി.ആർ.എഫ് വിഹിതമായ 1 ലക്ഷം രൂപ വീതവും ചേർത്ത് ആകെ 40 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>പരിക്കേറ്റവർക്ക് നൽകിയ ധനസഹായം സംബന്ധിച്ച വിശദാംശം നൽകാമോ;</td><td>(സി)</td><td>കൊക്കയാർ വില്ലേജിൽ 11 പേർക്ക് അടിയന്തിര ചികിത്സാ ധനസഹായമായ 5000/- രൂപ വീതവും ഇതിനു പുറമെ ടിയാളുകളിൽ സാരമായി പരുക്ക് പറ്റിയ 3 പേർക്ക് 1,15,900/- രൂപ ചുവടെ ചേർക്കും പ്രകാരവും നൽകിയിട്ടുണ്ട്.<br><br>റോബിൻ ജോൺ - 54,100/-<br><br>ഷറഫുദ്ദീൻ - 54,100/-<br><br>ജോൺസൺ സി. ജെ - 7700/-</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | ഈ ദുരന്തത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങളിൽ തകർന്ന വീടുകൾക്ക് പകരം എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ; | (ഡി) | ഈ ദുരന്തത്തെ തുടർന്ന് കൊക്കയാർ വില്ലേജിൽ ആകെ 84 വീടുകൾ പൂർണ്ണമായി തകരുകയും ആയതിന് എസ്.ഡി.ആർ.എഫിൽ നിന്നും 1,01,900/- രൂപ വീതം ഒന്നാം ഗഡുവായി എല്ലാവർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. 14 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുള്ളതും ആയതിന് ധനസഹായം വിതരണം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 70 വീടുകളുടെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് രണ്ടും, മൂന്നും ഗഡുക്കൾ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകുന്നതാണ് . |
| (ഇ) | ദുരന്തത്തിൽ തകർന്ന പാലങ്ങൾ, റോഡുകൾ എന്നിവ പുനർ നിർമ്മിച്ചു നൽകിയിട്ടുണ്ടോ; ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഇ) | ദുരന്തത്തിൽ തകർന്ന ഇളംകാട്-മുക്കുളം-മദാമ്മക്കുളം റോഡ് പുനർനിർമ്മിച്ചിട്ടുണ്ട്. ഇതേ റോഡിൽ അവശേഷിക്കുന്ന ഭാഗത്തെ പ്രവൃത്തികൾക്കുവേണ്ടി 2.50 കോടി രൂപയുടെ എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (നിരത്ത്) വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. |
| (എഫ്) | ആകെ എത്ര രൂപയുടെ നഷ്ടമാണ് എല്ലാ ഇനത്തിലുമായി കണക്കാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ? | (എഫ്) | കൊക്കയാർ ഗ്രാമപഞ്ചായത്തിൽ 16.10.2021 തീയതിയിൽ ഉണ്ടായ ഉരുൾപൊട്ടലിലും, മലവെള്ളപ്പാച്ചിലിലും കണക്കാക്കിയിട്ടുള്ള നാശനഷ്ടങ്ങൾ പ്രകാരം 7.35 കോടി രൂപയുടെ കൃഷിനാശ നഷ്ടവും, 11.80 കോടി രൂപയുടെ ഭവന നാശനഷ്ടവും, 98.31 കോടി രൂപയുടെ റോഡുകൾക്കുള്ള നാശനഷ്ടവും, 3.1 കോടി രൂപയുടെ പാലങ്ങൾക്കുള്ള നാശനഷ്ടവും ഉൾപ്പടെ ആകെ 120.57 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ